കേരള സർക്കാർ

# പാലക്കുഴ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

**ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം.(പി.9)1683/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ജില്ല
സിവിൽ സ്റ്റേഷൻ, കാക്കനാട്.
email : lfadekm@gmail.com
തീയതി 01.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

**പാലക്കുഴ ഗ്രാമ പഞ്ചായത്ത്**

സർ,

വിഷയം : പാലക്കുഴ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ്-215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ, ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം.(പി.9)1683/19 തിയ്യതി: 01.11.2019

**എറണാകുളം ജില്ലയിലെ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ**

**2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

എറണാകുളം ജില്ലയിലെ **പാലക്കുഴ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.12.2018 മുതൽ 31.08.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.വിനോദ്.കെ.കെ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 16.09.2019 മുതൽ 30.09.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.സുധ ജേക്കബ്ബ് | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അജിമോൻ.പി.പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.യോഗേഷ്.ആർ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീ.ജോഷി സ്കറിയ | 01.04.2018 മുതൽ 31.03.2019 വരെ |
| വൈസ് പ്രസിഡന്റ് | : | ശ്രീമതി.ആലീസ് ഷാജു. | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ വികസനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീ.ഗോപി.എൻ.കെ. | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർപേഴ്സൺ ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി | : | ശ്രീമതി.ശോഭന മോഹൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| ചെയർമാൻ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി | : | 1.ശ്രീ.ജോസ്.എൻ.കെ.<br>2.ശ്രീ.നിബു ഇടത്തിൽ. | 01.04.2018 മുതൽ 27.01.2019 വരെ<br>28.01.2019 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | : | 1.ശ്രീമതി.ബി.അജിത | 01.04.2018 മുതൽ 04.08.2018 വരെ |
| | | 2.ശ്രീ.പി.എൻ.രാജു. അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) | 05.08.2018 മുതൽ 13.08.2018 വരെയും 15.08.2018 മുതൽ 09.10.2018 വരെയും |

| | | | |
|---|---|---|---|
| | | 3.ശ്രീമതി.ബീന ജോസഫ് | 14.08.2018 |
| | | 4.ശ്രീമതി.ടെസിമോൾ.സി.<br>അസി.സെക്രട്ടറി (ഇൻ ചാർജ്ജ്) | 10.10.2018 മുതൽ 11.11.2018 വരെ |
| | | 5.ശ്രീ.ജോർജ്ജ്.കെ.എം. | 12.11.2018 മുതൽ<br>31.03.2019വരെ |
| <u>നിർവ്വഹണ ഉദ്യോഗസ്ഥർ</u> | : | | |
| ഉദ്യോഗപ്പേര് | | | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | | ശ്രീമതി.റോസിലി തോമസ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | | 1.ശ്രീ.പി.എൻ.രാജു. | 01.04.2018 മുതൽ<br>10.10.2018 വരെ |
| | | 2.ശ്രീമതി.ടെസിമോൾ.സി. | 11.10.2018 മുതൽ<br>31.03.2019 വരെ |
| കൃഷി ഓഫീസർ | | ശ്രീമതി.പ്രീയദർശിനി.പി. | 01.04.2018 മുതൽ<br>31.03.2019 വരെ |
| വെറ്ററിനറി സർജൻ | | ഡോ.ഷീന ജോസഫ്. | 01.04.2018 മുതൽ<br>31.3.2019വരെ |
| മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി. | | ഡോ.ടി.ഗിരീഷ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ<br>ആയുർവേദ ആശുപത്രി | | ഡോ.ജോമി ജോസഫ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| സി.എം.ഒ. ഹോമിയോ<br>ആശുപത്രി | | ഡോ.ദീപ്തി.കെ.എച്ച്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ , പാലക്കുഴ | | ശ്രീ.രാജേഷ്.കെ.ആർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ<br>ഓഫീസർ , കരിമ്പന | | ശ്രീ.മനീഷ്.എസ്.എസ്. | 01.04.2018 മുതൽ<br>31.03.2019 വരെ |
| ICDS സൂപ്പർവൈസർ | | 2.ശ്രീമതി.നിഷ.എം.കെ. | 29.07.2018മുതൽ<br>31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | | ശ്രീ.രാജേഷ്.എം. | 01.04.2018 മുതൽ<br>31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| | | |

| | | |
|---|---|---|
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല | 1-12 |
| 13 | കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല | 1-13 |
| 14 | വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കുമുള്ള ലൈസൻസ് -ഫീസ് നിർണ്ണയത്തിൽ അപാകത | 1-14 |
| 15 | പെട്രോൾ പമ്പ് അനധികൃതമായി പ്രവർത്തിക്കുന്നു | 1-15 |
| 16 | മരാമത്ത് പ്രവൃത്തികൾ - e tender fee – ലഭിച്ചിട്ടില്ല. | 1-16 |
| 17 | മരാമത്ത് പ്രവൃത്തികൾ - ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. | 1-17 |
| 18 | ബിഎസ് എൻഎൽ ടവറുകളുടെ വസ്തുനികുതി -അപാകതകൾ | 1-18 |
| 19 | വെള്ളക്കരം ഭീമമായ കുടിശ്ശിക – വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു. | 1-19 |
| 20 | മാവേലി സ്റ്റോറിന് കമ്പ്യൂട്ടർ, ഫർണിച്ചർ വാങ്ങുന്നത് - തുക മുൻകൂർ അനുവദിച്ചു. | 1-20 |
| 21 | മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ- മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല | 1-21 |
| 22 | തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കൽ - ക്വട്ടേഷൻ ലഭ്യമല്ല – മറ്റ് അപാകതകൾ | 1-22 |
| 23 | കാട് വെട്ട് യന്ത്രം വാങ്ങൽ പദ്ധതി- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 1-23 |
| 24 | ഹരിതകർമ്മസേന രൂപീകരണവും പ്ലാസ്റ്റിക് ശേഖരണവും- പദ്ധതി പ്രവർത്തനസജ്ജമായിട്ടില്ല | 1-24 |
| 25 | സംരക്ഷണഭിത്തി -CTEയുടെ നിർദ്ദേശത്തിനു വിരുദ്ധമായി നിർവ്വഹണം | 1-25 |
| | ഭാഗം 2 | |
| 26 | വരവിനങ്ങളിൽ വ്യക്തമായ നഷ്ടം | 2-1 |
| | ഭാഗം 3 | |
| 27 | സംരക്ഷണഭിത്തി നിർമ്മാണം - CTE യുടെ നിർദ്ദേശത്തിന് വിരുദ്ധമായുള്ള നിർവ്വഹണം | 3-1 |
| | ഭാഗം 4 | |
| 28 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 29 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 32 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 33 | സ്ഥിര നിക്ഷേപം | 4-6 |
| 34 | ഓഡിറ്റ് റിക്കവറി | 4-7 |
| 35 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 36 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 40 | ബാലൻസ് ഷീറ്റ് | അനുബന്ധം.2 |
| 41 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.3 |
| 42 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 |

# <u>ഭാഗം -1</u>
# <u>ഓഡിറ്റ് റിപ്പോർട്ട്</u>

## 1-1 ബജറ്റ്

28.03.2018 തീയതിയിലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 15.02.2019 ലെ 1(1) -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 03.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 65,16,656 |
| വരവ് | 4,72,61,884 |
| ആകെ | 5,37,78,540 |
| ചെലവ് | 4,27,20,961 |
| നീക്കിയിരിപ്പ് | 1,10,57,579 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | | | 9077000* | 9077000 | 9077000 | |
| വികസന ഫണ്ട്- എസ്.സി.പി | | | 2041000 | 2041000 | 2041000 | |
| വികസന ഫണ്ട്- ടി.എസ്.പി | | | 87000 | 87000 | 87000 | |
| മെയിന്റനൻസ്, റോഡ് | | | 7978430 | 7978430 | 7978430 | |
| മെയിന്റനൻസ്, നോൺ-റോഡ് | | | 2586296 | 2586296 | 2586296 | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | | 3953627 | 3953627 | 3953627 | |
| ശുചിത്വമിഷൻ | | 121579 | 0 | 121579 | 0 | 121579 |
| ദുരിതാശ്വാസനിധി | | 3000 | 0 | 3000 | 0 | 3000 |
| ഖരമാലിന്യ ഫണ്ട് | | 78200 | 1229800 | 1308000 | 0 | 1308000 |
| സാനിട്ടേഷൻ | | 553200 | 130000 | 683200 | 0 | 683200 |
| ഐ.സി.ഡി.എസ് | | 1676621 | 395875 | 2072496 | 531288 | 1541208 |
| കൃഷിഭവൻ നിർമ്മാണം | | 500000 | 0 | 500000 | 0 | 500000 |
| ബഡ്സ് സ്കൂൾ | | 0 | 1250000 | 1250000 | 0 | 1250000 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | | 10123 | 16240660** | 16250783 | 16243094 | 7689 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 560000 | 2108781 | 2668781 | 2108781 | 560000 |
| | ജില്ലാ പഞ്ചായത്ത് | 119874 | 765070 | 884944 | 765070 | 119874 |
| ബി ഫണ്ട് | | | 140812 | 140812 | 140812 | |
| സാക്ഷരതാ മിഷൻ | | 2370 | 109588 | 111958 | 109505 | 2453 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് സി.എസ്.ആർ.ഫണ്ട് | | 0 | 101491 | 101491 | 92900 | 8591 |
| ലൈഫ് ലോൺ | | 0 | 1550652 | 1550652 | 0 | 1550652 |
| സി.എം.ഡി.ആർ.എഫ്. ജീവനക്കാർ | | 0 | 234671 | 234671 | 221490 | 13181 |
| സി.എം.ഡി.ആർ.എഫ്. മേമ്പേഴ്സ് | | 0 | 112045 | 112045 | 112045 | 0 |
| ജലനിധി | | 1322166 | 46887 | 1369053 | 0 | 1369053 |
| വിമുക്തി | | 25000 | 25000 | 50000 | 8380 | 41620 |
| ഗുണഭോക്തൃവിഹിതം | | 50640 | 100613 | 151253 | 100000 | 51253 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 699725 | 2848847 | 3548572 | 3194980 | 353592 |
| | ട്രഷറി അക്കൗണ്ട് | 765174 | 12166492 | 12931666 | 11497606 | 1434060 |
| കൈയ്യിരുപ്പ് | | 17134 | 126724 | 143858 | 17134 | 126724 |

** ഉൽഭവത്തിൽ കുറവ് ചെയ്ത് ജലഅതോറിറ്റിക്ക് നൽകിയ 611378 /- രൂപ ഉൾപ്പെടുന്ന തുക.*

***ഇ.എഫ്.എം.എസ്. തുക 15745503/- രൂപ ഉൾപ്പെടെ ഉള്ള തുക.*

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 155 | 60479446 | 116 | 32106004 | 33 | 6 | 74.84 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

| പ്രോജക്ട് നം | പദ്ധതിയുടെ പേര് |
|---|---|
| എസ്.0180/19 | മാനസികപിരിമുറുക്കം മാറുന്നതിന് കൗൺസിലിങ്ങ് |
| എസ്.0072/19 | ലൈഫ് ഭവനപദ്ധതി സ്ഥലം വാങ്ങൽ |
| എസ്.0137/19 | മാവേലി സ്റ്റോറിന് ഫർണിച്ചർ |
| എസ്.0193/19 | ഐ.എസ്.ഒ.സർട്ടിഫിക്കേഷൻ അടിസ്ഥാന സൗകര്യങ്ങൾ |
| എസ്.0108/19 | സെൻട്രൽ പാലക്കുഴ പഞ്ചായത്ത് കിണർ മഴവെള്ള സംഭരണിയാക്കലും, ജലവിതരണവും |
| എസ്.0116/19 | പി.എസ്.സി.ട്രെയിനിങ്ങ് സെന്ററിലേക്ക് ഓവർഹെഡ് പ്രോജക്ടർ വാങ്ങൽ |

<u>ഗ്രാന്റ് ഇൻ എയ്ഡ് - *വിനിയോഗം*</u>

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഗ്രാന്റ് ഇൻ എയ്ഡ് പൂർണ്ണമായും വിനിയോഗിച്ചിട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു.

| ഗ്രാന്റ് ഇൻ എയ്ഡ് | അലോട്ട്മെന്റ് തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | ചെലവിന്റെ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് -ജനറൽ | 9677000 | 9077000 | 600000 | 93.78 |
| വികസനഫണ്ട് -എസ്.സി.പി | 2041000 | 2041000 | 0 | 100 |
| വികസനഫണ്ട് -ടി.എസ്.പി | 87000 | 87000 | 0 | 100 |
| | | | | |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് – റോഡ് | 8359000 | 7978430 | 380570 | 95.45 |
| സംരക്ഷണ ഗ്രാന്റ് – റോഡിതരം | 2780000 | 2586296 | 193704 | 93.03 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6128993 | 3953627 | 2175366 | 64.51 |

<u>മോണിട്ടറിങ്ങ് .</u>

വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്റ്റുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിട്ടറിങ്ങ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിട്ടറിങ്ങ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്റ്റുകളുടെ നിർവ്വഹണം വിഭാവനം ചെയ്യതരത്തിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിട്ടറിങ്ങ് . മോണിട്ടറിങ്ങ് നടത്തേണ്ട ഉത്തരവാദിത്തം അതാത് വർക്കിങ്ങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്റ്റുകൾ ഇത്തരത്തിൽ മോണിട്ടറിങ്ങിന് വിധേയമാക്കിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന ഒരു സ്റ്റേറ്റ്മെന്റിൽ മേണിട്ടറിങ്ങ് റിപ്പോർട്ട് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്റ്റുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിട്ടറിങ്ങ് സമിതിയും വിലയിരുത്തുന്നില്ല.

<u>നൂതന പ്രോജക്ടുകൾ</u>

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നൂതന പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 10123 | 495157 | 505280 | 497591 | 7689 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15745503 | 15745503 | 15745503 | |
| ആകെ | 10123 | 16240660 | 16250783 | 16243094 | 7689 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46440 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 3394000 | 801 |
| വിധവാ പെൻഷൻ | 6142500 | 1429 |
| വാർദ്ധക്യകാല പെൻഷൻ | 16339000 | 3732 |
| വികലാംഗ പെൻഷൻ | 1903700 | 447 |
| അവിവാഹിതരായ 50 വയസിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 739200 | 169 |
| വിധവകളായ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18.09.2019, ഉച്ചകഴിഞ്ഞ് 3മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3556/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ആസ്തികൾ

ഗ്രാമപഞ്ചായത്തിന്റെ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. സചിത്ര, സാംഖ്യ സോഫ്റ്റ് വെയറുകൾ സംയോജിപ്പിക്കുന്നതിനുള്ള നടപടികൾ മുകൾത്തലത്തിൽ പൂർത്തീകരിക്കാത്തതിനാലാണ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്താൻ സാധിക്കാത്തത് എന്നാണ് ഇക്കാര്യത്തിൽ പഞ്ചായത്തിന്റെ വിശദീകരണം.

ചെലവുകൾ അധികൃതമാക്കൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 156(4) (ഡി) വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ എല്ലാ പണം കൊടുക്കലുകളും പ്രസിഡന്റ് അധികൃതമാക്കേണ്ടതാണ്. ഓഡിറ്റ് വർഷത്തിൽ 2018 ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ, 2019 മാർച്ച് മാസങ്ങളിലെ വൗച്ചറുകൾ പ്രസിഡന്റ് അധികൃതമാക്കാതെയാണ് പണം നൽകിയിട്ടുള്ളത്. ഓഡിറ്റ് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ടതിനെ തുടർന്ന് മാത്രമാണ് ഇത് പ്രസിഡന്റ് അധികൃതമാക്കിയിട്ടുള്ളത്. ചെലവുകൾ നിയമപ്രകാരം ഭരണത്തലവന്റെ അംഗീകാരത്തോടെ മാത്രം നടത്തേണ്ടതാണ്.

നികുതി /നികുതിയേതര വരവ്

നികുതി /നികുതിയേതര വരവുകൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പ്രത്യേക ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. റസിഡൻഷ്യൽ ബിൽഡിങ്ങുകളുടെ വസ്തുനികുതി 100% പിരിവുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ. ടവറുകളുടെ വസ്തുനികുതി 2013-14 വർഷം മുതൽ കുടിശ്ശികയാണ്. തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ശ്രമം ഉണ്ടായത് ശ്ലാഘനീയമാണ്. വാടക 2017-18 വർഷത്തെ കുടിശ്ശിക ഉൾപ്പെടെ മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ട്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.08.2019 | 2019 ജൂലൈ മാസം | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.02.2014 മുതൽ 01.03.2014 വരെ | 2008-09 മുതൽ 2012-13 വരെ | 15.05.2014 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കുമുള്ള ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്ക് നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്ന ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

| ക്രമനമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | യുണൈറ്റഡ് മെറ്റൽ ക്രഷർ | 20 |
| 2 | ബ്ലൂസ്&കോപ്പേഴ്സ് ഹോം സൊല്യൂഷൻസ് | 6 |
| 3 | ഹോട്ടൽ ആനന്ദഭവൻ | 6 |
| 4 | എ.വി ക്ലാസിക്-ടൈൽസ്&ഗ്രാനൈറ്റ് | 7 |
| 5 | കാരവാൻ റസ്റ്റോറന്റ് | 7 |

| | | |
|---|---|---|
| 6 | ഹൈടെക്ബ്രിക്സ്& ടൈൽസ് | 6 |
| 7 | വീത്രീ ബ്രിക്സ് | 9 |

ഇത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.11)മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-13 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നില്ല

2018-19 സാമ്പത്തിക വർഷത്തിൽ പാലക്കുഴ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ടി കരാറുകാർ 2018-19 വർഷം കരാർ വ്യവസ്ഥയിൽ വിവിധ കാലയളവുകളിൽ പഞ്ചായത്തിൽ മരാമത്ത് പണികൾ ഏറ്റെടുത്ത് ചെയ്തിട്ടുള്ളതാണ്.

| | |
|---|---|
| 1 | ബൈജു ഐസക് |
| 2 | തോമസ്.കെ.ജോസഫ് |
| 3 | സാബു വിജയൻ |
| 4 | ബിജു ജോസഫ് |
| 5 | എൽദോസ് ഫിലിപ്പ് |
| 6 | ജിത്തു.വി.എസ് |
| 7 | സുരേഷ് കുമാർ.കെ.പി |
| 8 | ജെയിംസ് അഗസ്റ്റിൻ |
| 9 | കെ.എസ്.ഉണ്ണികൃഷ്ണൻ നായർ |
| 10 | സി.കെ.സുകുമാരൻ |
| 11 | ജെബിൻ ജോൺസൺ |
| 12 | ബാബു.എ.എസ് |

മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ് .

# 1-14 വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കുമുള്ള ലൈസൻസ് -ഫീസ് നിർണ്ണയത്തിൽ അപാകത

വ്യവസായങ്ങൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും പഞ്ചായത്തിൽ നിന്നും നൽകുന്ന ലൈസൻസ് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ 31.10.17ലെ ജി.ഒ.80/2017 തസ്വഭവ ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. വിറ്റുവരവിന്റെ അടിസ്ഥാനത്തിലല്ലാതെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് നിശ്ചയിക്കേണ്ടതാണെന്നും, ഇത്തരത്തിൽ മൈക്രോ സംരംഭങ്ങളിൽ 25 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള ഉൽപാദനമേഖലയിലുള്ള സ്ഥാപനങ്ങൾക്കും 10 ലക്ഷം വരെ മൂലധന നിക്ഷേപമുള്ള സേവനമേഖലയിലുള്ള സ്ഥാപനങ്ങൾക്കും 500 രൂപ ലൈസൻസ് ഫീസായി നിശ്ചയിക്കാവുന്നതാണെന്നും

നിർദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 30.11.2018 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ IV നമ്പരായി ലൈസൻസ് ഫീസ് നിരക്കുകൾ നിശ്ചയിക്കുകയും മേൽ തീരുമാനം 16.01.2019 ലെ ഭരണ സമിതി അംഗീകരിക്കുകയും ചെയ്തു. ആയത് പ്രകാരം മൈക്രോ സംരഭങ്ങൾക്കുള്ള ഫീസ് നിരക്കുകളുടെ സ്ലാബിൽ വരുത്തിയിട്ടുള്ള മാറ്റങ്ങൾ ചുവടെ ചേർക്കുന്നു

| | ഈടാക്കാവുന്ന ഫീസ് |
|---|---|
| ഉൽപാദന മേഖല-1ലക്ഷം മുതൽ 2 ലക്ഷം വരെ<br>സേവന മേഖല- 1ലക്ഷം മുതൽ 2 ലക്ഷം വരെ | 200 |
| ഉൽപാദന മേഖല-200001 മുതൽ 3 ലക്ഷം വരെ<br>സേവന മേഖല- 200001 മുതൽ 3 ലക്ഷം വരെ | 300 |
| ഉൽപാദന മേഖല-300001 മുതൽ 25 ലക്ഷം വരെ<br>സേവന മേഖല- 300001 മുതൽ 10 ലക്ഷം വരെ | 500 |

വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 7ൽ II-ാം പട്ടികയിൽ വിവരിക്കുന്ന നിരക്കുകളിൽ കവിയാത്ത തുക ഗ്രാമപഞ്ചായത്തിന് ലൈസൻസ് ഫീസായി ചുമത്താവുന്നതാണെന്ന് പറഞ്ഞിട്ടുണ്ട്.ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഗ്രാമപഞ്ചായത്തിന് നിശ്ചയിക്കാമെങ്കിലും ഓരോ സംരഭങ്ങൾക്കും സർക്കാർ നിശ്ചയിച്ചിട്ടുള്ള മൂലധനനിക്ഷേപത്തിന്റെ സ്ലാബിൽ ഭേദഗതി വരുത്തിയത് നിയമാനുസൃത നടപടിയല്ല.ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.10) വൻകിട മൂലധന നക്ഷേപമുള്ള സ്ഥാപനങ്ങൾ കുറവുള്ള ഗ്രാമപഞ്ചായത്തിൽ ഒരേ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് ഒരേ ലൈസൻസ് ഫീസ് ഈടാക്കുക എന്ന സ്വാഭാവിക നീതി നടപ്പിലാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഇപ്രകാരം സ്ലാബിൽ മാറ്റം വരുത്തിയതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നിരുന്നാലും സർക്കാരിനുള്ള നിയന്ത്രണാധികാരങ്ങൾക്ക് വിധേയമായി മാത്രമെ പഞ്ചായത്ത് കമ്മറ്റിയ്ക്ക് തീരുമാനം കൈക്കൊള്ളാൻ അധികാരമുള്ളൂ. സർക്കാർ വിജ്ഞാപനം പാലിച്ചുകൊണ്ട് ലൈസൻസ് ഫീസ് നിശ്ചയിച്ച് ഈടാക്കേണ്ടതാണ്.

# 1-15 പെട്രോൾ പമ്പ് അനധികൃതമായി പ്രവർത്തിക്കുന്നു

ഗ്രാമപഞ്ചായത്ത് 1-ാം വാർഡിൽ വടക്കൻ പാലക്കുഴയിൽ പഞ്ചായത്ത് അതിർത്തിയോട് ചേർന്ന് 2 പെട്രോൾ പമ്പുകൾ പ്രവർത്തിച്ചുവരുന്നതായി അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞു. ഹിന്ദുസ്ഥാൻ പെട്രോളിയം കമ്പനിയുടെ ഉടമസ്ഥതയിലുള്ള പമ്പ് 2018-19 വർഷം പഞ്ചായത്തിൽ നിന്നും ലൈസൻസ് എടുക്കുകയോ സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവ ഒടുക്കുകയോ ചെയ്യാതെയാണ് പ്രവർത്തിച്ചിരുന്നത്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങളിലെ ചട്ടം 3 പട്ടിക I പ്രകാരം പെട്രോളിയം കോമ്പൗണ്ടുകൾ വിൽക്കുന്നതിന് ലൈസൻസ് എടുക്കേണ്ടതാണ്. മുൻവർഷങ്ങളിലും ടി പമ്പ് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിച്ചിരുന്നതെന്ന് രേഖകൾ പരിശോധിച്ചതിൽ നിന്നും മനസ്സിലാകുന്നു. മൂലധന നിക്ഷേപം താരതമ്യേന കൂടുതലുള്ള പെട്രോൾ പമ്പ് പോലുള്ളൊരു സ്ഥാപനം ഇത്തരത്തിൽ അനധികൃതമായി പ്രവർത്തിച്ചതുമൂലം പഞ്ചായത്തിന് ഓരോ വർഷവും ഏകദേശം 10000 രൂപ ( ലൈസൻസ് ഫീസ്, സ്ഥാപന തൊഴിൽനികുതി, ജീവനക്കാരുടെ തൊഴിൽനികുതി എന്നിവയുൾപ്പെടെ) വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനത്തിന്റെ തൊഴിൽ നികുതി 2018-19 വർഷം ഗ്രാമപഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടുമില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.19) മറുപടി ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ അനധികൃതമായി പ്രവർത്തിച്ചതിന് സ്ഥാപനത്തിനെതിരെ നിയമ നടപടി സ്വീകരിക്കേണ്ടതും കുടിശ്ശിക ഇനത്തിൽ ലഭ്യമാകുവാനുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധയുണ്ടാകേണ്ടതാണ്.

# 1-16 ബിഎസ് എൻഎൽ ടവറുകളുടെ വസ്തുനികുതി -അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള ബി.എസ്.എൻ.എൽ ഉടമസ്ഥതയിലുള്ള താഴെപറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി 2013-14 വർഷം മുതൽ കുടിശ്ശികയായിട്ടുള്ളതായി കാണുന്നു.

| ക്രമനം. | കെട്ടിടനം. | വാർഷിക വസ്തുനികുതി + ലൈബ്രറി സെസ് |
|---|---|---|

| | | |
|---|---|---|
| 1 | I/ 151,151A | 4605+231 |
| 2 | XII/ 107,107A | 4477+225 |

ഈ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ഒരോ വർഷവും 9082 രൂപയുടെ വരുമാന നഷ്ടം ഉണ്ടാകുന്നു. ബിഎസ്എൻഎൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15(1))മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ നിയമാനുസൃത നടപടികൾ സ്വീകരിച്ച് നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ബിഎസ്എൻഎൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ടവറിനോട് ചേർന്നുള്ള അനുബന്ധ കെട്ടിടത്തിന് ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കായ ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ടവറിന്റെ വിവരം | വിസ്തീർണ്ണം(ച.മീറ്ററിന്) | നികുതി നിരക്ക് (ച.മീറ്ററിന്) |
|---|---|---|---|
| 1 | I/151(ടവർ)<br>I/151A(അനുബന്ധകെട്ടിടം) | 6.9<br>14.07 | 500<br>30 |
| 2 | XII/107<br>XII/107A(അനുബന്ധകെട്ടിടം) | 7.02<br>8.81 | 500<br>30 |

മൊബൈൽ ടവറിന്റെ അനുബന്ധ കെട്ടിടത്തിന് ടവറിന്റെ നിരക്കായ ച.മീറ്ററിന് 500 രൂപ നിരക്കിന് പകരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നിരക്കായ ച.മീറ്ററിന് 30 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(15(2)) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അനുബന്ധ കെട്ടിടത്തിന്റെ നികുതി ടവറിന്റെ നിരക്കിൽ പുനർനിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-17 മരാമത്ത് പ്രവൃത്തികൾ - e tender fee – ലഭിച്ചിട്ടില്ല.

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവൃത്തി നിർവ്വഹണത്തിനായി ഒരു ഇ-ടെണ്ടർ മാത്രമാണ് നടത്തിയിട്ടുള്ളത്. ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ലഭ്യമായിട്ടുള്ളത്. ഈ തുക ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ല. ഇ ടെണ്ടറിന്റെ വിവരം താഴെ ചേർക്കുന്നു. തൻവർഷം ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട 3200/- രൂപ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| പ്രവൃത്തി | ഉറുക്കുഴി - കാവുംഭാഗം റോഡ് റീടാറിങ്ങ് (എസ്.0018/19) |
| അടങ്കൽ | 8 ലക്ഷം രൂപ |
| ടെണ്ടർ ID | 2018_LSGD_221308-1 |
| ടെണ്ടർ ഫീസ് | 1600രൂപ |
| ടെണ്ടർ സമർപ്പിച്ചവരുടെ എണ്ണം | 2 |
| ആകെ ലഭിക്കേണ്ട ടെണ്ടർ ഫീസ് | 3200 രൂപ |

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ ഡി.ബി.1/ 7942 / 2010 / സി.ഇ / ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം ഇ-ടെണ്ടറിങ്ങുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ അക്കൗണ്ട് ( 37126563468 എസ്.ബി.ഐ) ആരംഭിച്ചിട്ടുണ്ടെങ്കിലും ടെണ്ടർ ഫീ തുക ഈ അക്കൗണ്ടിൽ ലഭിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന് വേണ്ടി നടത്തപ്പെടുന്ന ഇ-ടെണ്ടറിന്റെ ഫീസ് പ്രസ്തുത അക്കൗണ്ടിലേക്ക് ലഭ്യമാകുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# 1-18 മരാമത്ത് പ്രവൃത്തികൾ - ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല.

1996 ലെ കേരള കൺസ്ട്രക്ഷൻ ആന്റ് അതർ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ്, സെക്ഷൻ 3(1), 3(2) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1%ൽ കുറയാത്ത തുക (പരമാവധി 2%) ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അടവാക്കേണ്ടതാണ്. സെക്ഷൻ 3(3) പ്രകാരം ഇങ്ങനെ അടവാക്കുന്ന തുകയുടെ 1% ൽ കുറയാത്ത തുക തൊഴിൽ ദാതാവിന് കളക്ഷൻ ചാർജ്ജായി അർഹതപ്പെട്ടതാണ്. എന്നാൽ ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ അടവാക്കിയ തുകയ്ക്ക്

കളക്ഷൻ ചാർജ്ജ് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല. പരിശോധനയ്ക്ക് ലഭ്യമാക്കിയ വർക്ക് ഫയലുകൾ പ്രകാരം ഓഡിറ്റ് വർഷത്തിൽ ക്ഷേമനിധി വിഹിതമായി ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വികസന ഫണ്ട് / സംരക്ഷണ ഗ്രാന്റ് / ധനകാര്യകമ്മീഷൻ ഗ്രാന്റ് / ലോകബാങ്ക് ധനസഹായം എന്നിവ ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തികളിൽ നിന്നും അടവാക്കിയ തുക | 136629/- |

ആകെ ക്ഷേമ നിധി വിഹിതത്തിന്റെ 1% തുകയായ 1366/- രൂപ കളക്ഷൻ ചാർജ്ജായി ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ടതാണ്. ഈ തുകയും മുൻവർഷങ്ങളിൽ അർഹതയുള്ള തുകയും ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14 / 24.9.2019) പ്രസ്തുത തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

# 1-19 വെള്ളക്കരം ഭീമമായ കുടിശ്ശിക – വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നു.

പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ വെള്ളക്കരം കുടിശ്ശിക ഓഡിറ്റ് വർഷത്തെ വികസന ഫണ്ട്, പൊതു ആവശ്യ ഗ്രാന്റ് എന്നിവയുടെ അലോട്ട്മെന്റിൽ താഴെ ചേർക്കുന്ന രീതിയിൽ 11.983 ലക്ഷം രൂപ ഉത്ഭത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

| ഗ്രാന്റ് ഇൻ എയ്ഡ് | ആകെ അലോട്ട്മെന്റ് (I.6 Schedule) | ഉത്ഭവത്തിൽ കുറവ് ചെയ്ത തുക | പഞ്ചായത്തിന് ലഭിച്ച തുക (RP.7 Schedule) |
|---|---|---|---|
| വികസന ഫണ്ട് - പൊതുവിഭാഗം | 9077000.00 | 611378.00 | 8465622.00 |
| പൊതു ആവശ്യ ഗ്രാന്റ് | 5666181.00 | 586872.00 | 5079309.00 |
| ആകെ കുറവ് ചെയ്ത തുക | | 1198250.00 | |

കേരള ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 233 പൊതു ടാപ്പുകൾ ഉണ്ട്. ഇതനുസരിച്ച് പ്രതിമാസം 101938/- രൂപയാണ് വെള്ളക്കരം അടക്കേണ്ടത്. എന്നാൽ വർഷങ്ങളായി യഥാസമയം വെള്ളക്കരമടക്കാതിരുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ ഭീമമായ തുക ബാദ്ധ്യത ഉണ്ടായിരിക്കുന്നു. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40(c) (1), 40(c)(3) എന്നിവ പ്രകാരം ഒഴിച്ചുകൂടാനാവാത്ത തുകകൾ ചെലവ് ചെയ്യാതിരിക്കുകയോ ചെലവ് നീട്ടിവയ്ക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ഇതിന് വിരുദ്ധമായ നടപടികളാണ് പഞ്ചായത്തിനെ ഈ ബാദ്ധ്യതയിലേക്കും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കേണ്ട ഗ്രാന്റിൽ നിന്നും കുറവു വരുത്തുന്നതിന് സർക്കാരിനെ പ്രേരിപ്പിക്കുന്നതിലേക്കും നയിച്ചിട്ടുള്ളത്.

**കുടിശ്ശിക ഒറ്റത്തവണ തീർപ്പാക്കൽ.**

കേരള ജലഅതോറിറ്റിയുടെ 23.07.2019 ലെ കെ.ഡബ്ലിയു.എ/എഎച്ച് ഒ/ആർ.എം.സി/ ആർ.6/166/18/11-ം നമ്പർ കത്ത് പ്രകാരം 2018 സെപ്റ്റംബർ വരെ വെള്ളക്കരകുടിശിക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ അടക്കുന്നതിനുള്ള ഡിമാന്റ് താഴെ ചേർക്കും പ്രകാരം പുതുക്കി നിശ്ചയിച്ച് നൽകിയിട്ടുണ്ട്. തുക അടവാക്കി ഗ്രാമപഞ്ചായത്തിന് കൂടുതൽ ബാദ്ധ്യതകൾ ഉണ്ടാകുന്നതിനുള്ള സാദ്ധ്യത ഇല്ലാതാക്കേണ്ടതാണ്.

| | |
|---|---|
| റിക്കൺസിൽ ചെയ്ത ഒ.ടി.എസ്.തുക (09/2018 വരെയുള്ളത്) | 91,63,158/- |
| പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും കുറവ് വരുത്തിയ തുക | 44,06,466/- |
| ഒ.ടി.എസ്. ഇനത്തിൽ ബാക്കി നൽകേണ്ട തുക | 47,56,692/- |

ഗ്രാമപഞ്ചായത്ത് 2018 ഡിസംബർ മുതൽ വെള്ളക്കരം യാഥാസമയം അടച്ചുവരുന്നുണ്ട്. ഒറ്റത്തവണ തീർപ്പാക്കലിനുശേഷമുള്ള 2018 ഓക്ടോബർ, നവംബർ മാസങ്ങളിലെ വെള്ളക്കരം കൂടി അടവാക്കി കുടിശിക പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്.

**ഉപയോഗക്ഷമമല്ലാത്ത ടാപ്പുകൾ.**

ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികളിലൂടെയും വാട്ടർ അതോറിറ്റി കണക്ഷനുകളിലൂടെയും കൂടുതൽ ജനങ്ങൾക്കും ശുദ്ധജല ലഭ്യത ഉള്ളതിനാൽ, ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ള പൊതുടാപ്പുകളിൽ 28

എണ്ണം മാത്രം നിലനിർത്തുന്നതിനും ബാക്കിയുള്ളവ കട്ട് ചെയ്ത് ഒഴിവാക്കുന്നതിന് വാട്ടർ അതോറിറ്റിയോട് അഭ്യർത്ഥിക്കുന്നതിന് 19.12.2018 ലെ 1(2) -ാം നമ്പർ പ്രകാരം പഞ്ചായത്ത് കമ്മറ്റി ഐകകണ്ഠേന തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-20 മാവേലി സ്റ്റോറിന് കമ്പ്യൂട്ടർ, ഫർണിച്ചർ വാങ്ങുന്നത് - തുക മുൻകൂർ അനുവദിച്ചു.

| തുക | വൗച്ചർ നം. & ചെക്ക് നം. |
|---|---|
| 1 ലക്ഷം രൂപ | 21800100/ 05-18 / 21.5.2018<br>30647 / 21.5.2018 (തനത് ഫണ്ട്) |

ഗ്രാമപഞ്ചായത്തിൽ പുതിയതായി ആരംഭിക്കുന്ന മാറിക മാവേലി സ്റ്റോറിലേക്ക് കമ്പ്യൂട്ടറും ഫർണിച്ചറും വാങ്ങൽ എന്ന പ്രോജക്ട് ( എസ്.0163/18) 2017-18 വർഷം ഏറ്റെടുത്തിരുന്നെങ്കിലും നടപ്പാക്കാനാകാത്തതിനെ തുടർന്ന് ഓഡിറ്റ് വർഷത്തിൽ സ്പിൽ ഓവർ പ്രോജക്ടായി ഏറ്റെടുത്തിരുന്നു. എന്നാൽ 2018 ജൂൺ ഒന്നിന് ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി സ്റ്റോർ ഉദ്ഘാടനം ചെയ്യുമെന്നതിനാൽ സ്പിൽ ഓവർ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിക്കാത്ത സാഹചര്യത്തിൽ ആയതിലേക്ക് വകയിരുത്തിയിരുന്ന ഒരു ലക്ഷം രൂപ തനത് ഫണ്ട് മൂവാറ്റുപുഴ സപ്ലൈക്കോ ഡിപ്പോ മാനേജരുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകുന്നതിന് 11.05.2018 ലെ 2(1) -ം നമ്പർ പഞ്ചായത്ത് കമ്മറ്റി തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ നൽകിയിട്ടുള്ള തുകയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇത് സംബന്ധിച്ച പരാമർശങ്ങൾ താഴെ ചേർക്കുന്നു.

**ചെലവ് രേഖകളില്ലാതെ തുക നൽകി :** ഒരു ലക്ഷം രൂപ സപ്ലൈക്കോയുടെ അക്കൗണ്ടിലേക്ക് മുൻകൂറായിട്ടാണ് നൽകിയിട്ടുള്ളത്. എന്നാൽ വാർഷിക കണക്കിൽ ഇത് 251600701 എന്ന ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാങ്ങിയ കമ്പ്യൂട്ടറിന്റെയും ഫർണിച്ചറിന്റെയും ഇൻവോയ്സ് സഹിതമുള്ള ചെലവ് രേഖകൾ ലഭ്യമാകാതെ ചെലവ് ശീർഷകത്തിൽ ഉൾപ്പെടുത്തിയത് അക്കൗണ്ടിങ്ങ് തത്ത്വത്തിന് വിരുദ്ധമാണ്. നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ചെലവ് നടത്തിയ സാമ്പത്തിക വർഷം തന്നെ ലഭിക്കാൻ സാദ്ധ്യത ഉണ്ടായിരുന്നതിനാലാണ് ചെലവ് ഹെഡിൽ പേയ്മെന്റ് നടത്തിയതെന്നും 2020 മാർച്ച് 31 നകം വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ വന്നാൽ പ്രസ്തുത തുക അഡ്വാൻസിന്റെ ശീർഷകത്തിലേക്ക് മാറ്റുന്നതാണെന്നും എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

**ചെലവുണ്ടെങ്കിലും പ്രോജക്ട് ഉപേക്ഷിച്ചു :** മാവേലിസ്റ്റോറിന് ഫർണിച്ചർ (എസ്.0137/19) എന്ന പ്രോജക്ട് 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഈ പ്രോജക്ട് ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒരു ലക്ഷം രൂപ ചെലവ് ഉണ്ടെങ്കിലും ആയത് പ്രോജക്ട് കണക്കിൽ ഉൾപ്പെടുത്താതെ പ്രോജക്ട് ഉപേക്ഷിച്ചു.

വാങ്ങിയ കമ്പ്യൂട്ടറിന്റെയും ഫർണിച്ചറിന്റെയും ഇൻവോയ്സ് സഹിതമുള്ള ചെലവ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കുന്നതിന് വിധേയമായി ഒരു ലക്ഷം രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 മെഡിക്കൽ ഓഫീസർമാർ നിർവ്വഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ- മരുന്ന് മുഴുവൻ ലഭിച്ചിട്ടില്ല

<u>ഹോമിയോ</u>

ഹോമിയോ മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 75000- ആലപ്പുഴ ഹോംകോയിലേയ്ക്ക് അടച്ചിട്ടുണ്ട്. നാളിതുവരെ 42395- രൂപയുടെ മരുന്നേ ലഭ്യമായിട്ടുള്ളൂ. ബാക്കി 32605- രൂപയുടെ മരുന്ന് ലഭ്യമാക്കി വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

<u>ആയുർവ്വേദം</u>

ആയുർവ്വേദാശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം (നം.4/18-19) തൻവർഷം 5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പിൻവലിച്ച തുകയിൽ നിന്നും ആദായനികുതിനിയമം വകുപ്പ് 51(1) അനുസരിച്ച് ജിഎസ് ടി 2% ഉത്ഭവത്തിൽ കുറവ് ചെയ്ത് 490546- രൂപയാണ് തൃശ്ശൂർ ഔഷധിയിലേയ്ക്ക് അടച്ചിട്ടുള്ളത്. മാത്രമല്ല

പല തവണകളിലായി നാളിതുവരെ 462234- രൂപയുടെ മരുന്നേ ലഭ്യമായിട്ടുള്ളൂ. ബാക്കി മരുന്നുകൾ ലഭ്യമാക്കുമ്പോൾ ബില്ലിൽ കുറവു ചെയ്ത ജിഎസ് ടി തുകയുടേതുൾപ്പെടെയുള്ള മരുന്ന് ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പ്രൊഫോമ ഇൻവോയ്സിൽ ഉൾപ്പെടുത്തിയിരുന്ന 186- നിരക്കിലുള്ള durdhurapathradhi co. എണ്ണ 30 എണ്ണത്തിൽ 15 എണ്ണം മാത്രമേ കാഷ് ഇൻവോയ്സ് പ്രകാരം ലഭ്യമായിട്ടുള്ളൂ. ഈ ഷോർട്ടേജ് പരിഹരിയ്ക്കാനും ശ്രദ്ധിക്കേണ്ടതാണ്.

പിഎച്ച് സി-പാലിയേറ്റീവ് കെയർ പദ്ധതി-

പി എച്ച് സി മെഡിക്കൽ ഓഫീസർ മുഖേന നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി വികസനഫണ്ടിൽ നിന്നും തൻവർഷം 600000- ചെലവഴിച്ചിട്ടുണ്ട്.ഇതിൽ ബിൽ നം. LSGI.No.10/18-19/27-02-19 പ്രകാരം മാറിയ 140257- രൂപ ചെലവഴിച്ച് മരുന്നും മെഡിക്കൽ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്. ഈ തുകയിൽ നിന്നും 105411- രൂപ KMSCL ലേയ്ക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനായി നൽകിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെ 33110-രൂപയുടെ ഉപകരണങ്ങളേ ലഭ്യമായിട്ടുള്ളൂ. ബാക്കി 72301-രൂപയുടെ (105411-33110) മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

# 1-22 കാട് വെട്ട് യന്ത്രം വാങ്ങൽ പദ്ധതി- മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ കാട് വെട്ട് യന്ത്രം വാങ്ങൽ പദ്ധതി പ്രകാരം വികസനഫണ്ടിൽ (TSP) നിന്നും 66000- (ബിൽ നം.18120652001201244176/27/27-2-19) ചെലവഴിച്ച് മൂന്ന് ഗുണഭോക്താക്കൾക്ക് കാട് വെട്ട് യന്ത്രം വാങ്ങി നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ.(കൈ) നം.22/2018/തസ്വഭവ / 14.02.2018) പ്രകാരം കാട് വെട്ട് യന്ത്രം, മെതിയന്ത്രം, കള നീക്കൽ ഉപകരണം തുടങ്ങിയ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിയ്ക്കുന്ന യന്ത്രോപകരണങ്ങൾ സമിതികൾക്കും സംഘങ്ങൾക്കും മാത്രമേ വാങ്ങി നൽകാവൂ, വ്യക്തികൾക്ക് നൽകാൻ പാടില്ല. മാത്രമല്ല തദ്ദേശസ്വയംഭരണസ്ഥാപനതലത്തിൽ പൊതുസംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന കൃഷി ഓഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങേണ്ടതും. കൂടാതെ ഇത്തരം പ്രോജക്ടുകൾ കൃഷി ഓഫീസർ ആണ് നിർവ്വഹിക്കേണ്ടിയിരുന്നതും. ഒരു സ്വയംതൊഴിൽ സംരംഭം എന്ന ഉദ്ദേശത്തിൽ ആയിരുന്നവെങ്കിലും വ്യക്തികൾക്ക് ധനസഹായം വായ്പാബന്ധിതപ്രോജക്ടായി ബാക്ക് എൻഡഡ് സബ്സിഡി ആയാണ് നൽകേണ്ടിയിരുന്നത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പാക്കിയത് സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പിന് ( നം.18 ) തൊഴിൽ രഹിതരായ യുവാക്കൾക്ക് തൊഴിലും വരുമാനവും ലഭിയ്ക്കാൻ സഹായകമാകട്ടെ എന്ന ഉദ്ദേശത്തിലാണ് പ്രോജക്ട് നടപ്പാക്കിയതെന്നും, സാമ്പത്തിക ദുർവിനിയോഗം ഉണ്ടായിട്ടില്ലെന്ന വസ്തുത കണക്കിലെടുക്കണമെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകി. മേലിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-23 തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് - ഡിസ് പ്ലേ ബോർഡ് സ്ഥാപിക്കൽ - ക്വട്ടേഷൻ ലഭ്യമല്ല – മറ്റ് അപാകതകൾ

**1. ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കൽ - ക്വട്ടേഷൻ ലഭ്യമല്ല.**

തൊഴിലുറപ്പ് പ്രവൃത്തികളുടെ ഡിസ്പ്ലേ ബോർഡ് സ്ഥാപിച്ചതിന് ശ്രീ.ഷൈൻ.സി.കെ. എന്ന വ്യക്തിക്ക് പ്രവൃത്തി ഒന്നിന് 5000/- രൂപ നിരക്കിൽ തുക നൽകിയിട്ടുണ്ട്. ഇതനുസരിച്ച് 2018-19 ൽ പൂർത്തീകരിച്ച 41 പ്രവൃത്തികൾക്കായി 205000/- രൂപ ടിയാൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഡിസിപ്ലേ ബോർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തി നടത്തുന്നതിനായി ഇദ്ദേഹം എങ്ങനെ തെരഞ്ഞെടുക്കപ്പെട്ടു എന്നത് വ്യക്തമല്ല. മത്സരാധിഷ്ഠിത ബിഡ് സ്വീകരിക്കാതെയാണ് ശ്രീ.ഷൈൻ.സി.കെ. എന്ന വ്യക്തിക്ക് തുക നൽകിയിട്ടുള്ളത്. ഇദ്ദേഹം പഞ്ചായത്തുമായി കരാറിലും ഏർപ്പെട്ടിട്ടില്ല. 2019-20 വർഷം മുതൽ ഡിസ്പ്ലേ ബോർഡ് സ്ഥാപിക്കുന്ന വേല മത്സരാധിഷ്ഠിത ടെണ്ടറിലൂടെ നടപ്പിലാക്കുന്നതാണ് എന്ന് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

**2.വാർഷിക കർമ്മ പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയില്ല.**

2018-19 വർഷത്തേക്കുള്ള വാർഷിക കർമ്മ പദ്ധതി വിവിധ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു.

| അംഗീകരിച്ച പഞ്ചായത്ത് തീരുമാനം | അടങ്കൽ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 10/ 06.12.2017 | 17291000/- | 160 |
| 8(2)/ 10.08.2018 (അധിക പദ്ധതി) | 405900/- | 5 |
| 13/29.09.2018 (അധിക പദ്ധതി) | 15478000/- | 97 |
| 9/11.12.2018 (അധിക പദ്ധതി) | 33695000/- | 178 |
| ആകെ | 66869900/- | 440 |

| അകെ പ്രവൃത്തികൾ | സാങ്കേതിക അനുമതി ലഭിച്ചത് | പൂർത്തീകരിച്ചത് | പൂർത്തീകരിക്കുവാൻ ബാക്കി |
|---|---|---|---|
| 440 | 133 | 41 | 92 |

**3.ഇ.എഫ്.എം.എസ്. തുക പൊരുത്തപ്പെടുന്നില്ല.**

ഇ.എഫ്.എം.എസ്. തുക, എ.എഫ്.എസ്.പ്രകാരമുള്ളതും MGNREGA ഫിനാൻഷ്യൽ പെർഫോർമൻസ് പ്രകാരമുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| AFS പ്രകാരം | 15745503 |
| ഫിനാൻഷ്യൽ പെർഫോർമൻസ് പ്രകാരം | 15748533 |
| വ്യത്യാസം | 3030 |

# 1-24 ഹരിതകർമ്മസേന രൂപീകരണവും പ്ലാസ്റ്റിക് ശേഖരണവും- പദ്ധതി പ്രവർത്തനസജ്ജമായിട്ടില്ല

വിഇഒ കരിമ്പന മുഖേന നടപ്പാക്കിയ ഹരിതകർമ്മസേന രൂപീകരണവും പ്ലാസ്റ്റിക് ശേഖരണവും (പ്രോ.നം.69/19) പദ്ധതി പ്രകാരം ഭൂമിക ഹരിതകർമ്മസേന എന്ന പേരിൽ കർമ്മസേന തൻവർഷം രൂപീകരിച്ച് പദ്ധതിവിഹിതത്തിൽ നിന്നും 38131- (ബിൽ നം.21/28-3-19)മുൻകൂറായി പിൻവലിച്ച് കർമ്മസേനയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയിൽ 25000- രൂപ യൂണിഫോം തയ്ക്കുന്നതിനും, നോട്ടീസ്, ഐഡന്റിറ്റി കാർഡ്, രസീത്ബുക്കുകൾ പ്രിന്റ് ചെയ്യുന്നതിനുമായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി 12131- ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ നിലനിൽക്കുന്നു. പഞ്ചായത്ത് പരിധിയിൽ 2ാം വാർഡിൽ ഒരു കളക്ഷൻ പോയിന്റ് നിശ്ചയിച്ച് വിവിധ വാർഡുകളിൽ നിന്നും പ്ലാസ്റ്റിക് ശേഖരിച്ച് തിരുമാറാടി പഞ്ചായത്തിൽ ആരംഭിച്ച ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് എത്തിച്ച് മാലിന്യസംസ്കരണവും ശുചിത്വവും കൈവരിയ്ക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ മാത്രമേ നാളിതുവരെ ആരംഭിച്ചിട്ടുള്ളൂ. പദ്ധതി പൂർണ്ണമായി പ്രവർത്തനസജ്ജമാകുന്നതുവരെ ചെലവഴിക്കുവാൻ അവശേഷിയ്ക്കുന്ന 12131- രൂപ തടസ്സപ്പെടുത്തുന്നു.

# 1-25 സംരക്ഷണഭിത്തി നിർമ്മാണം - CTE യുടെ നിർദ്ദേശത്തിന് വിരുദ്ധമായി നിർവ്വഹണം

സംരക്ഷണഭിത്തി നിർമ്മാണത്തിന് എല്ലാ വകുപ്പുകളിലും ഐകരൂപം ഉണ്ടാകുന്നതിലേക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർ 18.11.2016 ൽ 87/2016-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശം അനുസരിച്ച് സംരക്ഷണ ഭിത്തിയുടെ ബെൽറ്റ് നിർമ്മിക്കുന്നതിനായി 1:3:6 എന്ന അനുപാതം മതി. എന്നാൽ ഇതിന് വിരുദ്ധമായി, 1:2:4 അനുപാതത്തിലാണ് ബെൽറ്റ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ചെയ്തിട്ടുമുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20.9.2019) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. CTE യുടെ നിർദ്ദേശത്തിന് വിരുദ്ധമായുള്ള നിർമ്മാണം അധിക ചെലവിന് ഇടവരുത്തിയിട്ടുമുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എസ്റ്റിമേറ്റിലെ ഇനം നമ്പർ | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| ശ്മശാനം -പൊടിപ്പാറ റോഡ് സൈഡ് കെട്ട് (എസ്.0182/19) | 3 | 3.87 ഘ.മീ. x 8015.21 /ഘ.മീ. = 31018.86 രൂപ (പേജ് 16 അളവ് പുസ്തകം 38/PLK/18-19) | 3.87 ഘ.മീ. x 7773.83 / ഘ.മീ. = 30084.72രൂപ | 934.14രൂപ |
| പോങ്ങോളിൽ ഭാഗം നടപ്പാത സൈഡ് കെട്ട് (എസ്.0058/19) | 5 | 2.801 ഘ.മീ. x 8015.21/ ഘ.മീ. = 22450.60 രൂപ (പേജ് 12 അളവ് പുസ്തകം 20/PLK/18-19) | 2.801 ഘ.മീ.x 7773.83 / ഘ.മീ. = 21774.49രൂപ | 676.11രൂപ |
| വരിശ്ശേരിത്താഴം കുനമ്മാക്കിൽ റോഡ് റീകോൺക്രീറ്റിങ്ങ് & | 3 | 2.726 ഘ.മീ. x 8015.21/ ഘ.മീ. = 21849.46 രൂപ (അളവ് പുസ്തകം 20/PLK/18-19) | 2.726 ഘ.മീ. x 7773.83 /ഘ.മീ. = 21191.46രൂപ | 658.00രൂപ |

| | | | | |
|---|---|---|---|---|
| സൈഡ് കെട്ട് (എസ്.0173/19) | | | | |
| | | | ആകെ | 2268.25 രൂപ |

അധിക ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 2-1 ഗ്രാമപഞ്ചായത്തിന്റെ വരവിനങ്ങളിൽ ഓഡിറ്റ് വർഷം വ്യക്തമായ നഷ്ടം ഒന്നും ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 സംരക്ഷണഭിത്തി നിർമ്മാണം - CTE യുടെ നിർദ്ദേശത്തിന് വിരുദ്ധമായുള്ള നിർവ്വഹണം

സംരക്ഷണഭിത്തി നിർമ്മാണത്തിന് എല്ലാ വകുപ്പുകളിലും ഐകരൂപം ഉണ്ടാകുന്നതിലേക്കായി ചീഫ് ടെക്നിക്കൽ എക്സാമിനർ 18.11.2016 ൽ 87/2016-ം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കുലറിലെ നിർദ്ദേശം അനുസരിച്ച് സംരക്ഷണ ഭിത്തിയുടെ ബെൽറ്റ് നിർമ്മിക്കുന്നതിനായി 1:3:6 എന്ന അനുപാതം മതി. എന്നാൽ ഇതിന് വിരുദ്ധമായി, 1:2:4 അനുപാതത്തിലാണ് ബെൽറ്റ് നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തി ചെയ്തിട്ടുമുള്ളത്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/20.9.2019) തൃപ്തികരമായ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. CTE യുടെ നിർദ്ദേശത്തിന് വിരുദ്ധമായുള്ള നിർമ്മാണം അധിക ചെലവിന് ഇടവരുത്തിയിട്ടുമുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | എസ്റ്റിമേറ്റിലെ ഇനം നമ്പർ | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|
| ശ്മശാനം – പൊടിപ്പാറ റോഡ് സൈഡ് കെട്ട് (എസ്.0182/19) | 3 | 3.87 ഘ.മീ. x 8015.21 / ഘ.മീ. = 31018.86രൂപ (പേജ് 16 അളവ് പുസ്തകം 38/PLK/18-19) | 3.87 ഘ.മീ. x 7773.83 / ഘ.മീ. = 30084.72 രൂപ | 934.14രൂപ |
| പോങ്ങോളിൽ ഭാഗം നടപ്പാത സൈഡ് കെട്ട് (എസ്.0058/19) | 5 | 2.801 ഘ.മീ.x 8015.21/ ഘ.മീ. = 22450.60 രൂപ ( പേജ് 12 അളവ് പുസ്തകം 20/PLK/18-19) | 2.801 ഘ.മീ. x 7773.83 / ഘ.മീ. = 21774.49 രൂപ | 676.11രൂപ |
| വരിശ്ശേരിത്താഴം കുനമ്മാക്കിൽ റോഡ് റീകോൺക്രീറ്റിങ്ങ് | 3 | 2.726 ഘ.മീ. x 8015.21 / ഘ.മീ. = 21849.46 രൂപ | 2.726 ഘ.മീ. x 7773.83 / ഘ.മീ. = 21191.46 രൂപ | 658.00രൂപ |

| | | | | |
|---|---|---|---|---|
| & സെഡ് കെട്ട് (എസ്.0173/19) | | (അളവ് പുസ്തകം 20/PLK/18-19) | | |
| | | | ആകെ | 2268.25രൂപ |

അധിക ചെലവ് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.6.2019 – 13.06.2019 | കെ.എസ്.എ- ഇ.കെ.എം.(പി.ജി) 1227(69) / 19.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 216500 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0003/19) | 216500 | 0 |
| | | 400000 | ലൈഫ് ഭവനപദ്ധതി (ജനറൽ) (എസ്.0023/19) | 400000 | 0 |
| | | 119500 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0124/19) | 119500 | 0 |
| | | 29070 | നെൽകൃഷിക്ക് കൂലിചെലവ് സബ്സിഡി (എസ്.0106/19) | 29070 | 0 |
| **ആകെ** | | **765070** | | **765070** | **0** |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (എസ്.0003/19) | 200000 | 0 |
| | | 1808781 | ലൈഫ് ഭവനപദ്ധതി (ജനറൽ) (എസ്.0023/19) | 1808781 | 0 |
| | | 100000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് (എസ്.0124/19) | 100000 | 0 |
| **ആകെ** | | **2108781** | | **2108781** | **0** |

ജില്ലാ പഞ്ചായത്ത് വിഹിതം

ഓഡിറ്റ് വർഷം ലഭിച്ച വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ജില്ലാപഞ്ചായത്ത് വിഹിതത്തിൽ ഉണ്ടായിരുന്ന മുന്നിരുപ്പ് 119874 രൂപ വിനിയോഗിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 59874/- രൂപ 15.3.2018 ലെ 21700835-ാം നമ്പർ വൗച്ചർ പ്രകാരം നെൽക്കൃഷി കൂലിച്ചെലവ് പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ടെന്നും 60000/- രൂപ 21601356, 21601357 എന്നീ വൗച്ചറുകൾ പ്രകാരം 2016-17 വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സഹായത്തിനായി ചെലവഴിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ഓഡിറ്റ് വർഷം ലഭിച്ച വിഹിതം പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ ഉണ്ടായിരുന്ന മുന്നിരുപ്പ് 560000 രൂപ വിനിയോഗിച്ചിട്ടില്ല. എന്നാൽ ഇതിൽ 60000/- രൂപ 31.03.2017 ലെ 21601358 -ാം നമ്പർ വൗച്ചർ പ്രകാരം ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സഹായത്തിനായി വിനിയോഗിച്ചിട്ടുണ്ടെന്നും 5 ലക്ഷം രൂപ ശ്മശാനം നിർമ്മാണത്തിന് ലഭിച്ച തുക മാത്രമാണ് ബാക്കിയുള്ളത് എന്നും ആയത് ബ്ലോക്ക് പഞ്ചായത്തിന് തിരികെ നൽകുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

2016-17, 2017-18 വർഷങ്ങളിൽ തുകകൾ ചെലവഴിച്ചുവെങ്കിലും ആയതിന്റെ ചെലവ് ഗ്രാന്റ് ലയബിലിറ്റിയിൽ നിന്നും കുറവ് വരുത്താത്തതിനാലാണ് തുടർന്നും ബാദ്ധ്യത കാണിച്ചതെന്നും 2019-20 വർഷത്തിൽ ആയത് ക്രമപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടില്ല. എന്നാൽ 2017-18 വർഷത്തിൽ മൂന്ന് പ്രവൃത്തികൾക്കായി ജലഅതോറിറ്റിക്ക് മുൻകൂർ നൽകിയ 218000/- രൂപയുടെ ചെലവ് രേഖകളും ധനവിനിയോഗ സാക്ഷ്യപത്രവും തൻവർഷവും ലഭിച്ചിട്ടില്ല (ഖണ്ഡിക 4-2, 2017-18 ഓഡിറ്റ് റിപ്പോർട്ട്).

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1550652/- രൂപ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 02.01.2019 | 1550652/- | 0 | 0 | 0 | 1550652/- |
| ഇ.എം. എസ്. ഭവനപദ്ധതി | സ.ഉ.(സാധ) 564/10/ ത.സ്വ.ഭ.വ./ 22.02.2010 | 6000000/- | 1103204/- | 1103204/- | 0 | 0 |

## 4-6 സ്ഥിര നിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 28250/--രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2007-08 – 2010-11 | 2(4) | 10000/- | സെക്രട്ടറി, പാലക്കുഴ സർവ്വീസ് സഹകരണ ബാങ്ക്, മാറിക ശാഖ | 118030100020 / 4.4.2018 |
| 2007-08 – 2010-11 | 2(4) | 10000/- | സെക്രട്ടറി, പാലക്കുഴ സർവ്വീസ് സഹകരണ ബാങ്ക്, നോർത്ത് പാലക്കുഴ ശാഖ | 118030100021 / 4.4.2018 |
| 2012-13 – 2013-14 | 3(11) | 8250/- | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി., പാലക്കുഴ | 118130900103 / 26.2.2019 |
| | ആകെ | 28250/- | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത റിപ്പോർട്ട് | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| വർഷം | ഖണ്ഡിക | വർഷം | | |
| 1998-99 | | 2002-03 | കേട് ബാധിച്ച തെങ്ങ് വെട്ടിമാറ്റി പുതിയത് നടുന്നത് - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകി | 16.2.2016ൽ ജില്ലാതല മോണിറ്ററിങ്ങ് സമിതിയുടെ മിനിട്ട്സ് പ്രകാരം സാധൂകരണത്തിന് സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ട്. സ.ഉ.(സാധാ) 196/2018 / പ്രകാരം സാധൂകരണം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. |
| 2014-15 | 2.2 | 2017-18 | പാലക്കുഴ പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ 2013-14, 2014-15 വർഷങ്ങളിലെ വസ്തു നികുതി കുടിശിക (വയോ നെറ്റ് വർക്ക് പ്രൈവറ്റ് ലിമിറ്റഡ്, റിലയൻസ് കമ്മ്യൂണിക്കേഷൻസ്, പ്രൈവററ് ലിമിറ്റഡ്) | |
| 2015-16 | 2.5 | 2017-18 | പഞ്ചായത്ത് പരിധിയിലെ പ്രൊഫഷണലുകളുടെ തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

<u>(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

<u>(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 47261884 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 42720961 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2268 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 112131 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | ഇല്ല | 2268 | റോസിലി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 2268 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 100000 | ബി.അജിത, സെക്രട്ടറി ഗ്രാമപഞ്ചായത്ത് |
| 1-24 | 12131 | മനീഷ്.എസ്.എസ്., വി.ഇ.ഒ. കരിമ്പന |
| ആകെ | 112131 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.അജിത, സെക്രട്ടറി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി, കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് | ഉദയമന്ദിരം, കടവന്ത്ര.പി.ഒ, എറണാകുളം, 682020 |
| റോസിലി തോമസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ ഇലഞ്ഞി ഗ്രാമപഞ്ചായത്ത് | മേച്ചേരിക്കൽ ഹൗസ്, ഇലഞ്ഞി |
| മനീഷ്.എസ്.എസ്., വി.ഇ.ഒ. | വി.ഇ.ഒ.,കരിമ്പന | സരസ്വതി വിലാസം, പകൽകുറി.പി.ഒ. പള്ളിക്കൽ, കിളിമാനൂർ- 695604 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.ഇ (പി 2)92/98/17.8.1998 | |
| 1997-98 | എൽ.എഫ്.ഇ (പി 2)896/2000/28.01.2000 | |
| 1998-99 | എൽ.എഫ്.ഇ (പി 2)1629 /2001 /17.8.1998/19.3.2002 | |
| 1999-00 | എൽ.എഫ്.ഇ (പി 2)242/03/16.06.2003 | |
| 2000-01 | എൽ.എഫ്.ഇ (പി 2)1488/03/31.03.2004 | |
| 2001-02 | എൽ.എഫ്.ഇ (പി 2)439/2005/03.08.2005 | |
| 2002-03 | | |
| 2003-04 | | |
| 2004-05 | | |
| | | |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ഇ പി1)1572/08/6.10.2009 | |
| 2006-07 | | |
| 2007-08 | എൽ.എഫ്.ഇ ((പി9)169/12/ 24.8.2012 | |
| 2008-09 | | |
| 2009-10 | | |
| 2010-11 | | |
| 2011-12 | എൽ.എഫ്.ഇ (പി9)1587/14/5.11.2014/11.12.2014 | |
| 2012-13 | എൽ.എഫ്.ഇ (പി9)907/15/8.6.2015 | |
| 2013-14 | | |
| 2014-15 | കെഎസ്എ – ഇ കെ എം (പി9)1304/16/ 29.07.2016 | |
| 2015-16 | കെ.എസ്എ – ഇ കെ എം (പി9)2228/16/ 30.01.2017 | |
| 2016-17 | കെ.എസ്എ – ഇ കെ എം (പി9)1883/17/ 24.10.2017 | |
| 2017-18 | കെ.എസ്എ – ഇ കെ എം (പി9)11/19/ 16.2.2019 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

# അനുബന്ധം.1 ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ **പാലക്കുഴ** ഗ്രാമപഞ്ചായത്തിന്റെ 31.03.2019ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാലക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>അനുബന്ധം</u>

ന്യൂനതകളുടെ സംഗ്രഹം

1. വസ്തു നികുതി സംബന്ധിച്ച് സഞ്ചയ പ്രകാരമുള്ള കണക്കുകൾ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും മൂല്യനിർണ്ണയം നടത്തി ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷികകണക്കുകളിലെ ഡെപ്പോസിറ്റ് ഇനത്തിലുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**ഡെപ്യൂട്ടി ഡയറക്ടർ**

<u>AUDIT CERTIFICATE</u>

Certified that I have examined the Annual Financial Statement of **Palakkuzha Grama Panchayat** for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994 , Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of **Palakkuzha Grama Panchayat** for the year 2018-19,subject to the observationsin the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Annexure

Abstrct of Defects / Discripancies.

1. The Accounts of property tax in AFS differs with the Sanjaya Account.

2. The Asset Register is not updated completely including the land owned by the Panchayat and reconciled with AFS.

3. The Deposit Register is not maintained according to the head wise details and reconciled with the Annual Financial Statement.

DEPUTY DIRECTOR

sj